**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4179** **03-03-2023 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ തോടുകൾ ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമ പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതും എന്നാൽ കാലങ്ങളായി നിലവിലുള്ളതുമായ തോടുകൾ അതത് പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററുകളിൽ നിർബന്ധമായും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 218-ാം വകുപ്പ് പ്രകാരം പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവ അവകാശം നൽകത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ച് കൊണ്ടിരുന്നവ ഉൾപ്പെടെയുള്ള എല്ലാ പൊതു ജലമാർഗ്ഗങ്ങളും (സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാത്ത നദികൾ ഒഴികെ ഉള്ളത്) ഗ്രാമപഞ്ചായത്തിലേയ്ക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും നിക്ഷിപ്തമായിരിക്കുന്നതാണ്. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന നടപടി പരിശോധിക്കുന്നതാണ്. |
| (ബി) | ഇത്തരം വിഷയങ്ങളിൽ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും എന്തെങ്കിലും നിർദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 തീയതിയിലെ സ.ഉ.(സാധാ) നം.166/2017/ ത.സ്വ.ഭ.വ. പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാനുവൽ പുറത്തിറക്കിയിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും കൈമാറിയിട്ടുള്ളതുമായ സ്ഥാവര ജംഗമ ആസ്തി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സർവ്വെ ചെയ്ത് വിവരശേഖരണം നടത്തി നിശ്ചിത പ്രഫോർമയിൽ ഉള്ള രജിസ്റ്ററുകളിൽ തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമ പഞ്ചായത്തിലെ കാളം തിരുത്തി പ്രദേശത്ത് കാലങ്ങളായി നിലവിലുള്ളതും എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതുമായ കാളം തിരുത്തി തോട് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാരണത്താൽ ചില വ്യക്തികൾ മണ്ണിട്ട് | (സി) | ഉണ്ട്. നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ കാളംതുരുത്തിയിലെ തോട്ടുംപുറം തോടിന്റെ കൈത്തോട് ചില വ്യക്തികൾ മണ്ണിട്ട് നികത്തിയിട്ടുണ്ട്. തോടിൽ നിക്ഷേപിച്ച മണ്ണ് നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകുകയും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | നികത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (ഡി) | ഈ നീരൊഴുക്കുള്ള തോട് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പൂർവ്വ സ്ഥിതിയിലാക്കി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഈ വിഷയത്തിൽ ഇതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ